# കുട്ടികളുടെ സംരക്ഷണം ചർച്ച ഇന്ന്

**പാലക്കാട്**

ശിശുദിനാഘോഷത്തിന്റെ ഭാഗമായി 'വിശ്വാസ്' ആഭിമുഖ്യത്തിൽ സംസ്ഥാന, സിബിഎസ്ഇ വിദ്യാലയങ്ങളിലെ 10, 11, 12 ക്ലാസിലെ വിദ്യാർഥികൾക്ക് 'കുട്ടികളുടെ സംരക്ഷണത്തിൽ സമൂഹത്തിന്റെ പങ്ക്' എന്ന വിഷയത്തിൽ ചർച്ച നടത്തും. ബുധനാഴ്ച പകൽ 1.30ന് ചിറ്റൂർ വിക്ടോറിയ ഗേൾസ് ഹയർ സെക്കൻഡറി സ്കൂളിൽ അസി. കലക്ടർ ചേതൻകുമാർ മീണ ഉദ്ഘാടനം ചെയ്യും. 22വരെ ജില്ലയിലെ ഹൈസ്കൂൾ, ഹയർ സെക്കൻഡറി സ്കൂളുകളിൽ ചർച്ച നടത്തും. തെരഞ്ഞെടുക്കുന്ന രണ്ട് ആൺകുട്ടികളെയും രണ്ട് പെൺകുട്ടികളെയും 25ന് പകൽ രണ്ടിന് കലക്ടറേറ്റ് കോൺഫറൻസ് ഹാളിൽ നടക്കുന്ന കുട്ടികളുടെ പാർലമെന്റിൽ പങ്കെടുപ്പിക്കും. ഫോൺ: 9400933444.

ദേശാഭിമാനി